# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 274 — 03-04-2013 ൽ മറുപടിയ്ക്ക്

## നിറവ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.കെ.നാണു<br>ശ്രീമതി.ജമീലാ പ്രകാശം<br>ശ്രീ.മാത്യു.റ്റി.തോമസ്<br>ശ്രീ.ജോസ് തെറ്റയിൽ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | നെൽകൃഷി വികസനത്തിനു വേണ്ടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; | (എ) | 2013-2014 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതാണ്.<br>1. ഗ്രൂപ്പ് ഫാമിംഗ് കൃഷിരീതിയ്ക്കുള്ള സഹായം.<br>2. കരനെൽകൃഷി പ്രോത്സാഹനം.<br>3. സവിശേഷ അരി പ്രോത്സാഹിപ്പിക്കൽ<br>4. നെൽകൃഷി വികസന ഏജൻസികൾക്ക് ധനസഹായം.<br>5. പി.പി.പി.എസ്.ആർ.ഐ പദ്ധതി.<br>6. തരിശ് രഹിത പഞ്ചായത്തുകൾ<br>7. ഗ്രൂപ്പ് ഫാമിംഗിനായി പാടശേഖര സമിതികൾക്ക് പ്രവർത്തന സഹായം.<br>8. മാതൃകാ പാടശേഖരങ്ങൾക്ക് സഹായം.<br>9. നെൽകൃഷിയ്ക്ക് സൗജന്യ വൈദ്യുതി.<br>10. ഉല്പാദന ബോണസ്<br>11. മാക്രോ മാനേജ്മെന്റ് പദ്ധതി പ്രകാരമുള്ള നെൽകൃഷി വികസനം. |
| (ബി) | അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | 1. <u>ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹനം</u><br>ഈ പദ്ധതി മുഖേന ഓരോ പാടശേഖരങ്ങളിലും ഒരുമിച്ചുള്ള നടീലും വിളവെടുപ്പും, യന്ത്രവൽകൃത പ്രവർത്തനങ്ങൾ, സാങ്കേതിക വള കീട പരിപാലനം തുടങ്ങിയവ പാടശേഖരാടിസ്ഥാനത്തിൽ |

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

2. കരനെൽകൃഷി പ്രോത്സാഹനം

കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹെക്ടറിന് 5000 രൂപ നിരക്കിൽ ധനസഹായം ലഭ്യമാക്കുന്നു.

3. സവിശേഷ അരി പ്രോത്സാഹിപ്പിക്കൽ

ഈ പരിപാടിയനുസരിച്ച് സംസ്ഥാനത്ത് കൃഷി ചെയ്യുന്ന സവിശേഷ നെല്ല് കൃഷികളായ പൊക്കാളി, ജീരകശാല, ഗന്ധകശാല, ഞവര തുടങ്ങിയവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ധനസഹായം ലഭ്യമാക്കുന്നു.

4. നെൽകൃഷി വികസന ഏജൻസികൾക്ക് ധനസഹായം

നെൽകൃഷിയുടെ വികസനത്തിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 11 ഏജൻസികൾക്ക് ധനസഹായം ലഭ്യമാക്കുന്നുണ്ട്.

5. പി.പി.പി.എസ്.ആർ.ഐ

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 63 പഞ്ചായത്തുകളിലാണ് പി.പി.പി.എസ്.ആർ.ഐ പദ്ധതി നടപ്പിലാക്കുന്നത്.

6. തരിശുരഹിത പഞ്ചായത്തുകൾ

നെല്ലിന്റെ ഉല്പാദനവും കൃഷി ഭൂമിയുടെ വിസ്തൃതിയും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് തരിശു ഭൂമി കൃഷി പ്രോത്സാഹിപ്പിച്ചു വരുന്നു.

7. ഗ്രൂപ്പ് ഫാമിംഗിനായി പാടശേഖര സമിതികൾക്ക് പ്രവർത്തന സഹായം

പാടശേഖരാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സമിതികൾ മുഖേനയാണ് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കി വരുന്നത്.

8. മാതൃകാ പാടശേഖരങ്ങൾക്ക് സഹായം

ഈ പരിപാടിയനുസരിച്ച് നൂതന സാങ്കേതിക വിദ്യയിലൂടെ ഉയർന്ന ഉല്പാദനക്ഷമത കൈവരിച്ച് നെൽ കർഷകർക്ക് കൂടുതൽ വരുമാനം ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നു.

9. നെൽകൃഷിയ്ക്ക് സൗജന്യ വൈദ്യുതി

നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെൽകൃഷി ആവശ്യത്തിന് തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിനും വേണ്ടി നെൽകർഷകർക്ക് സൗജന്യ വൈദ്യുതി നൽകി വരുന്നു.

10. ഉല്പാദന ബോണസ്

ഈ വർഷം മുതൽ പ്രൊഡക്ഷൻ ബോണസ്സ് ഹെക്ടറിന് സീസണിന് 1000/- രൂപയായി ഉയർത്തിയിട്ടുണ്ട്.

11. മാക്രോ മാനേജ്മെന്റ് പദ്ധതി പ്രകാരമുള്ള നെൽകൃഷി വികസനം.

കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ, നടപ്പിലാക്കുന്ന ഈ പദ്ധതിയനുസരിച്ച് അത്യുൽപാദന ശേഷിയുള്ള വിത്തുകളുടെ പ്രചരണം, പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കൽ, അടിസ്ഥാന സൗകര്യ വികസനത്തിന് സഹായം മുതലായ ഘടകങ്ങൾ നടപ്പിലാക്കുന്നു.

| | | | |
|---|---|---|---|
| (സി) | 'നിറവ്' പദ്ധതിക്ക വേണ്ടി നിയോജക മണ്ഡലങ്ങളെ തെരഞ്ഞെടുത്തത് എന്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്; | (സി) | കൃഷിയും അനുബന്ധ മേഖലകളുടേയും വികസന സാദ്ധ്യത ഉള്ള നിയോജക മണ്ഡലങ്ങളുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുത്തത്. |
| (ഡി) | അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ഡി) | താഴെപ്പറയുന്ന മണ്ഡലങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളത്.<br>1. കൂത്തുപറമ്പ്<br>2. പേരാമ്പ്ര<br>3. നാദാപുരം<br>4. ബാലുശ്ശേരി<br>5. കൽപ്പറ്റ<br>6. കോട്ടയ്ക്കൽ<br>7. കൊടുങ്ങല്ലൂർ<br>8. പരവൂർ<br>9. തൊടുപുഴ |

10. ചെങ്ങന്നൂർ
11. പത്തനാപുരം
12. പാലാ

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പരിപാടികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്; | (ഇ) | ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>1. നെൽകൃഷി തരിശ് നിലകൃഷി<br>2. നെൽകൃഷിയിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ<br>3. ക്ലസ്റ്റർ അടിസ്ഥാനത്തിൽ തെങ്ങുകൃഷി വികസനം<br>4. ഗ്രാമ്പു കൃഷി പ്രോത്സാഹനം<br>5. വെറ്റില കൃഷി പ്രോത്സാഹനം<br>6. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ<br>7. നടീൽ വസ്തുക്കളുടെ വിതരണം<br>8. കാർഷിക യന്ത്രവൽക്കരണത്തിനുള്ള സഹായം<br>9. തൊഴിൽ സേനാ രൂപീകരണം.<br>10. മണ്ണിര കമ്പോസ്റ്റ് നിർമ്മാണം.<br>ആകെ 737.58 ലക്ഷം രൂപ മേൽപ്പറഞ്ഞ പദ്ധതികൾക്കായി ധനസഹായം ലഭ്യമാക്കുന്നുണ്ട്. |
| (എഫ്) | ഏത് ഏജൻസി മുഖാന്തിരമാണ് ആ പദ്ധതി നടപ്പിലാക്കിയത്; നാളിതു വരെ അവയ്ക്കുവേണ്ടി എന്തു തുക ചെലവഴിച്ചു? | (എഫ്) | കൃഷിവകുപ്പിന് പുറമെ താഴെ പറയുന്ന വകുപ്പുകളും ഏജൻസികളും പദ്ധതി നടപ്പിലാക്കുന്നു.<br>1. മൃഗസംരക്ഷണ വകുപ്പ്<br>2. ക്ഷീര വികസന വകുപ്പ്<br>3. സംസ്ഥാന ഹോർട്ടിക്കൾച്ചറൽ മിഷൻ<br>4. ഫിഷറീസ് വകുപ്പ്<br><br>കൃഷിവകുപ്പ് തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ